# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 806 17.07.2014 ൽ മറുപടിയ്ക്ക്

## പമ്പ, അച്ചൻകോവിൽ, വൈപ്പാർ നദീസംയോജനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി. ജമീലാ പ്രകാശം<br>ശ്രീ. സി.കെ. നാണു<br>ശ്രീ. മാത്യു റ്റി. തോമസ്<br>ശ്രീ. ജോസ് തെറ്റയിൽ | | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) പമ്പ , അച്ചൻകോവിൽ, വൈപ്പാർ അടക്കമുള്ള നദികളുടെ സംയോജനത്തിന് സുപ്രീം കോടതിയിൽ നിന്ന് എന്തെങ്കിലും നിർദ്ദേശം ഉള്ളതായി അറിയാൻ കഴിഞ്ഞിട്ടുണ്ടോ; | (എ) | പമ്പ - അച്ചൻകോവിൽ, വൈപ്പാർ അടക്കമുള്ള നദികളുടെ സംയോജനത്തിന് സുപ്രീം കോടതി WP(C) 512 of 2002 "Re:Net-working of Rivers" with WP(C) No:668 of 2002 എന്ന കേസിൽ 27.02.2012 ലെ വിധിയിൽ ഒരു സ്പെഷ്യൽ കമ്മിറ്റി രൂപീകരിക്കണമെന്ന് കേന്ദ്രസർക്കാരിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട സ്പെഷ്യൽ കമ്മിറ്റിയിൽ കേരളത്തിന്റെ പ്രതിനിധിയായി സംസ്ഥാന ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ നിയോഗിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ എന്താണ് പ്രസ്തുത നിർദ്ദേശമെന്നും ആയത് എന്നാണ് നൽകിയതെന്നും അറിയിക്കാമോ; | (ബി) | 27.02.2012 ലെ അന്തിമ വിധിയിലൂടെയാണ് ബഹു. സുപ്രീംകോടതി ഈ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത്. ഈ വിധിയിലൂടെ കേന്ദ്ര ജലവിഭവ വകുപ്പ് മന്ത്രി അദ്ധ്യക്ഷനായ ഒരു സ്പെഷ്യൽ കമ്മിറ്റി രൂപീകരിക്കണമെന്ന് |

കേന്ദ്രസർക്കാരിന് സുപ്രീംകോടതി നിർദ്ദേശം നൽകി. ബഹു. സുപ്രീംകോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന "Special Committee for Inter linking of rivers" നദീസംയോജനവുമായി ബന്ധപ്പെട്ട പദ്ധതികളുടെ Planning - ഉം Construction - നും Implementation - നും നടപ്പാക്കണമെന്ന് കോടതി നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത കേസിൽ നദീസംയോജനവുമായി ബന്ധപ്പെട്ട സംസ്ഥാനങ്ങളുടെ ചീഫ് സെക്രട്ടറിയോ അദ്ദേഹത്തിൻെറ പ്രതിനിധിയോ അംഗങ്ങൾ ആയിരിക്കണമെന്നും, ടി കേസ് കോടതി പരിഗണിക്കുന്ന അവസരത്തിൽ കോടതി മുമ്പാകെ സമർപ്പിച്ച വിദഗ്ധസമിതികളുടെ റിപ്പോർട്ടുകളും ബഹു. കോടതി മുമ്പാകെ സമർപ്പിക്കപ്പെട്ട സ്റ്റാറ്റസ് റിപ്പോർട്ടുകളും കമ്മിറ്റി പരിഗണിക്കേണ്ടതാണെന്നും, അവ അപഗ്രഥിച്ച മാത്രമേ പദ്ധതി നടപ്പാക്കുന്നതിനുള്ള Plan തയ്യാറാക്കാവൂ എന്നും കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാർ പ്രസ്തുത കേസിൽ കക്ഷിയായി തർക്കം ഉന്നയിച്ചിട്ടുണ്ടോ;

(സി) സംസ്ഥാന സർക്കാർ പ്രസ്തുത കേസിൽ കക്ഷിയായി നദീ സംയോജന പദ്ധതിക്കെതിരെ തർക്കം ഉന്നയിച്ചിരുന്നു.

(ഡി) നദികളുടെ സംയോജനം സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കുമോ;

(ഡി) ഭരണഘടനയനുസരിച്ച് ജലവുമായി ബന്ധപ്പെട്ട കാര്യങ്ങൾ 'ഒരു സംസ്ഥാന വിഷയം' എന്ന രീതിയിൽ കൈകാര്യം ചെയ്യേണ്ട സംഗതികളാണ്.അതിനാൽ കേരളത്തിലെ നദികളിലെ ജലം മറ്റേതെങ്കിലും സംസ്ഥാനത്തിലേയ്ക്ക് തിരിച്ചുവിടണമോയെന്ന കാര്യത്തിൽ തീരുമാനമെടുക്കാനുള്ള നിയമപരമായ അധികാരം കേരള

| | | |
|---|---|---|
| | | സർക്കാരിന് തന്നെയാണെന്നുള്ള ഉറച്ച നിലപാടാണ് സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്. നദീസംയോജന പദ്ധതികൾ നടപ്പാക്കുന്നതു സംബന്ധിച്ച് സംസ്ഥാന സർക്കാർ അനുകൂലമായ നിലപാട് സ്വീകരിച്ചിട്ടില്ല.<br>പമ്പ -അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി പൂർണ്ണമായി ഉപേക്ഷിക്കണമെന്ന് 11-ാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിൽ കേരള നിയമസഭ പ്രമേയവും പാസ്സാക്കിയിട്ടുണ്ട് |
| (ഇ) പ്രസ്തുത നിലപാട് ഏതൊക്കെ വേദികളിൽ ഇതിനോടകം ഉന്നയിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ? | (ഇ) | നദീ സംയോജനത്തെ പൂർണ്ണമായി എതിർക്കുന്ന സംസ്ഥാന സർക്കാരിന്റെ നിലപാട് ദേശീയ ജലവികസന ഏജൻസിയുടെ ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി, ഗവേണിംഗ് ബോഡി, വാർഷിക ജനറൽ ബോഡി എന്നീ വേദികളിൽ വ്യക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ